

# ലിറ്റിൽ ക്ലിക്ക്

## 2019




## നടുവിൽ ഹയർ സെക്കന്ററി സ്കൂൾ

നടുവിൽ പി ഒ - 670582, ഫോൺ-04602250330, കണ്ണൂർ

**ലിറ്റിൽ കൈറ്റ് യൂണിറ്റ്**

**13052/2018**

# നടുവിൽ ഹയർ സെക്കന്ററി സ്കൂൾ

## ലിറ്റിൽ കൈറ്റ് യൂണിറ്റ് 2018-19





## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
എം.രാധാകൃഷ്ണൻ മാസ്റ്റർ (ഹെഡ്മാസ്റ്റർ )
എഡിറ്റർ
ബി.ശിഹാബുദ്ദീൻ (കൈറ്റ് മാസ്റ്റർ)
സി.സി സതീദേവി (കൈറ്റ് മിസ്ട്രസ് )
കൈറ്റ് ലീഡേർസ്
പ്രജുൽ ടി.പി
അജയ്.ജെ.ജോസഫ്
റീമ ജെയിംസ്

അബ്ദുൾ ലത്തീഫ് (പി.ടി എ പ്രസിഡണ്ട് )
കെ.കെ ലതീഷ് (സ്റ്റാഫ് സെക്രട്ടറി)



www.naduvilhss.wordpress.com
naduvilhighschool@gmail.com


### പ്രാർത്ഥന

ജഗദീശാ രക്ഷിപ്പാൻ ഞങ്ങളെയെന്നും
മഹിതമാം ഭക്തി തൻ ദാനമൊന്നേകി
അകതാരിൻ എന്നും വിളങ്ങട്ടെ ശുദ്ധി
സ്ഥിരമായി വളരട്ടെ ഞങ്ങളിൽ ഭക്തി

സമഭാവസർഗ്ഗങ്ങൾ കണ്ണീരൊഴുക്കി
ഹൃദയങ്ങൾ സ്നേഹാർദ്ര സാഗരമാക്കി
കൈകോർത്ത് യോജിച്ചു മുന്നോട്ടു പോകാൻ
സകലേശ ഞങ്ങൾക്ക് സൽബുദ്ധിയേകൂ



ഹെഡ്മാസ്റ്റർ, എം.രാധാകൃഷ്ണൻ മാസ്റ്റർ, നടുവിൽ ഹൈസ്കൂൾ.

# ആശംസ

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ഒരു മാസിക പ്രസിദ്ധീകരിക്കുന്നു
എന്നറിഞ്ഞതിൽ സന്തോഷി ക്കുന്നു.
നാം ഇന്ന് ഐ ടി യുഗത്തിലാണ്.
വിവര സാങ്കേതിക രംഗത്ത്
വൻകുതിച്ചു ചാട്ടം ആണ്
നാം ദർശിച്ചുകൊണ്ടിരിക്കുന്നത്.
ഈ മേഖലയിലെ നൂതനമായ അറിവുകളും
അതിന്റെ പ്രയോഗികതയും സ്വായത്തമാക്കാൻ
നാം നിർബന്ധിതരായിരിക്കുന്നു
നമ്മുക്ക് അതിന് കഴിയേണ്ടതാണ്
എല്ലാവർക്കും അതിനു കഴിയട്ടെ
എന്ന് ആശംസിക്കുന്നു.
പ്രസിദ്ധീകരണത്തിനും വിദ്യാലയത്തിലെ
കൈറ്റ് യൂണിറ്റിനും, യൂണിറ്റ് പ്രവർത്തന
ങ്ങൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.



എം.രാധാകൃഷ്ണൻ മാസ്റ്റർ
ഹെഡ്മാസ്റ്റർ
നടുവിൽ ഹയർ
സെക്കന്ററി സ്കൂൾ

# ഉള്ളടക്കം


| | |
|---|---|
| നടുവിൽ ഹയർ സെക്കറി സ്കൂൾ | 08 |
| ലിറ്റിൽ കൈറ്റ് | 09 |
| രാത്രി ഭംഗി | 10 |
| പഴഞ്ചൊല്ലുകൾ | 11 |
| ജീവ ശാസ്ത്രത്തിലെ നൂതന സാങ്കേതിക വിദ്യ | 12 |
| ഉസ്റത്തു സഈദ | 14 |
| Oh Dear | 15 |
| Colour KITEs | 16 |
| മലയാളി മറക്കുന്ന മലയാളം | 17 |
| ബട്ടർഫ്ലൈ | 18 |
| സ്വാതന്ത്ര്യ എന്റെ ജന്മാവകാശം | 19 |
| സംഭാഷണം | 19 |
| Colloqug | 20 |
| Vedic Mathematics | 20 |
| അവൾ | 21 |
| മനുഷ്യന്റെ മതം മനുഷ്യത്വം | 22 |
| Save the Green Earth | 22 |
| സുഹൃത്തുക്കൾ | 23 |
| വെള്ളിലക്കിങ്ങിണി താഴ്‌വരയിൽ | 24 |
| Why !!! | 25 |
| കേരള ഗാനം | 25 |
| ആസിഫ | 26 |
| അമലൻ സ്വാലിഹ | 27 |
| കോടതി | 28 |
| കേരളം | 29 |
| The hen that lays the golden eggs | 30 |
| My heart throbs for you | 31 |
| സ്നേഹത്തെക്കുറിച്ചുള്ള ചൊല്ലുകൾ | 31 |
| വെളിച്ചത്തിലേക്ക് വഴി തുറന്നവർ | 32 |
| മൈന | 33 |
| The Last Doll | 34 |
| The Race for the birth | 34 |
| ഫോട്ടോ ഗാലറി | 35 |










www.naduvilhss.wordpress.com
naduvilhighschool@gmail.com

## ആശംസ

നാമിന്ന് ഐ ടി യുഗത്തിലാണ്.വിവര സാങ്കേതിക വിദ്യ മുന്നോട്ട് കുതിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ ഈ രംഗത്തെ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയുന്നത് വിദ്യാർത്ഥികൾക്കാണ് .പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയത്തിലെ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി കൊണ്ട് ഗവൺമെന്റ് നല്ലൊരു പിന്തുണ നല്കികൊണ്ടിരിക്കുകയാണ്.ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ആരംഭിച്ച ' ലിറ്റിൽ കൈറ്റ് ' യൂണീറ്റ് വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചക്ക് ഏറെ ഉപകാരപ്പെടുമെന്നതിൽ സംശയമില്ല.അതിന്റെ തുടക്കം കുറിച്ചു കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു

മാനേജർ<br>
പ്രൊഫസർ ടി.പി ശ്രീധരൻ മാസ്റ്റർ<br>
നടുവിൽ ഹയർ സെക്കണ്ടറി സ്കൂൾ



മാനേജർ<br>
പ്രൊഫസർ ടി.പി ശ്രീധരൻ മാസ്റ്റർ<br>
നടുവിൽ ഹയർ സെക്കണ്ടറി സ്കൂൾ



അബ്ദുൾ ലത്തീഫ് പി പി<br>
പി ടി എ പ്രസിഡന്റ്<br>
നടുവിൽ എച്ച് എസ് എസ്

## ആശംസ

വിവര സാങ്കേതിക രംഗത്തുണ്ടായ കുതിച്ച് ചാട്ടം ലോകത്തെ തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ദൈനന്തിന ജീവിതത്തിൽ പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങി എല്ലാ മേഖലകളിലും വിവര സാങ്കേതിക വിദ്യക്ക് വലിയ വിപ്ലവങ്ങൾ തന്നെ ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്

ഐ ടി രംഗത്ത് നമ്മുടെ വിദ്യാലയത്തിലെ കുട്ടികളും ഏറെ മികവ് പുലർത്തുന്നു എന്നുള്ളത് ഓരോ രക്ഷിതാവിന്നും അഭിമാനകരമായ ഏറെ സന്തോഷം നൽകുന്ന വസ്തുതയാണ് .ഈഐ റ്റി മാഗസിൻ എന്ന ആശയം തന്നെ അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഏറ്റവും വലിയ മുതൽക്കൂട്ടാവട്ടെ എന്ന് ആശംസിക്കുന്നു,.

അബ്ദുൾ ലത്തീഫ് പി പി<br>
പി ടി എ പ്രസിഡന്റ്<br>
നടുവിൽ എച്ച് എസ് എസ്

# ലിറ്റിൽ ക്ലിക്ക്



M RADHAKRISNAN
Head Master



B SHIHABUDDIN
KITE Master, SITC
HS Drawing



C C SATHIDEVI
KITE Mistress
HST-Malayalam
Class Teacher IX-C



K ABOOBACKER
HST - Arabic



A V BEENA
HST-SS
Class Teacher X-A



K SREEKUMARAN
HS - PET



P A SINDU
HST-Maths
Class Teacher VIII-D



M M MAYA
HST - Sanskrit



K K LATHEESH
HST-English
Class Teacher X-D



C SHAKKEER
HST - Urdu



P V SHEEBA
HST-NS
Class Teacher X-B



P P GANGADHARAN
HST-Maths



K MANESH
HST-PS
Class Teacher X-C



ALBIN GEORGE
HST - Malayalam



E V GEETHA
HST-Maths
Class Teacher IX-B



K SUSHEEL RAMITHA
HST-NS
Class Teacher VIII-C



K C JEEJA
HST-SS
Class Teacher VIII-A



P P SANTH
HST-PS
Class Teacher VIII-B



M JISHA
HST-English
Class Teacher IX-A



C P BEENA
HST-PS
Class Teacher VIII-E

# ലിറ്റിൽ ക്ലിക്ക്



DILEEP G NAIR
HST - Hindi



T N RENUKA
HST - Hindi



P V USHA
UPST
Class Teacher VII-C



SUMESH SEBASTIAN
UPST
Class Teacher VII-A



P K PREETHA
UPST
Class Teacher V - A



JESY THOMAS
UPST
Class Teacher VI-A



LINI JOSEPH
UPST



C P BINDU
UPST
Class Teacher V-D




MILAN MATHEW
UPST
Class Teacher V-E



K SANTHI
UPST
Class Teacher VI-D



JEFFIN GEORGE
UPST
Class Teacher V-B



T P BIJU
UPST
Class Teacher VI-C



E K SHANUJA
UPST
Class Teacher VI-B



P P RAJES
UPST
Class Teacher VII-B



M M SOUMYA
UPST
Class Teacher VI-E



LEEPA P K
UPST
Class Teacher V-C



P SUPRIYA
UPST
Class Teacher VII-D



N V VIJAYAN
CLERK



T V RAJESH KUMAR
OA



SUNIL
FTCM



HSAIJU THAMPAN N V
OA



എം സി കേളപ്പൻ
സ്ഥാപകൻ

## നടുവിൽ ഹയർസെക്കന്ററി സ്കൂൾ

പരേതനായ പൗരമുഖ്യനും മനുഷ്യസ്നേഹിയുമായ ശ്രീ. എം.സി. കേളപ്പൻ നമ്പ്യാർ 1923 ൽ സ്ഥാപിച്ചതാണ് നടുവിൽ ഹയർസെക്കന്ററി സ്ക്കൂൾ. വികസന വെളിച്ചം കയറിച്ചെല്ലാത്ത നടുവിൽ പ്രദേശത്ത് അക്ഷരദീപം തെളിയിച്ച ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റുന്ന ഒരു സുപ്രധാന ഭൗത്യംമാണ് ഇതിലൂടെ ഈ മഹാനുഭാവൻ നിർവഹിച്ചത്. 1961ൽ  അപ്പർപ്രൈമറിയായും 1966 ൽ ഹൈസ്കൂളായും ഉയർത്തപെട്ട ഈ സ്ഥാപനം നടുവിലും ചുറ്റുപാടുമുള്ള കുട്ടികളുടെ എക വിദ്യാഭ്യാസ ആശ്രയ കേന്ദ്രമായിരുന്നു . 1966 മുതൽ 2000 വരെ ശ്രീമതി ടി. പി. ദാർഗ്ഗവി അമ്മയും തുടർന്ന് 2011 വരെ ശ്രീ.ടി.പി. നാരായണൻ നമ്പ്യാരും  പ്രവർത്തിച്ചു. തുടർന്ന് പ്രൊഫ. ടി.പി. ശ്രീധരൻ മാനേജരായി പ്രവർത്തിച്ചുവരുന്നു

2010 ലാണ് ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കപെട്ടത്ത്
ശ്രീ.കെ .ടി.നരേന്ദ്രൻ നമ്പ്യാർ തുടങ്ങിയ പ്രഗത്ഭരായ ഹെഡ്മാസ്റ്റർമാരും ശ്രീ .ഇ എനന്തൻ നമ്പ്യാർ, ശ്രീ. ഒ കുത്തികൃഷ്ണൻ എന്നീ അദ്ധ്യാപക പ്രമുഖരും സ്ക്കൂളിന്റെ അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിൽ വലിയ സംഭാവനകൾ നൽകുകയുണ്ടായി

പശ്ചാത്തല സൗകര്യങ്ങളിലും വിദ്യാദ്യാസനിലവാരത്തിലും ജില്ലയിൽ പ്രമുഖ സ്ഥനാമാണ് ഇന്ന് നടുവിൽ ഹയർ സെക്കന്ററി സ്കൂളിനുള്ളത് . പരിസര പ്രദേശങ്ങളിലെ അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപെടെയുള്ള വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായികൊണ്ടിരിക്കുമ്പോൾ വർഷം തോറും നമ്മുടെ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് ഈ സ്ഥാപനത്തിന്റെ മികവ് ഒന്നു കൊണ്ട് മാത്രമാണ്. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും. രക്ഷാകർത്താക്കളുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം സ്ക്കൂളിനെ മാതൃകാ സ്ഥാപനമാക്കി നിലനിർത്തുന്നു

# ലിറ്റിൽ ക്ലിക്ക്



## ലിറ്റിൽ കൈറ്റ്

ഏത് മേഖലയിലായാലും നാമിന്ന് സർവ്വസാധാരണയായി ഉപയോഗിക്കുകയും, കേൾക്കുകയും ചെയ്യുന്ന വാക്കാണ് ഹൈ ടെക്. എന്താണ് ഈ ഹൈടെക്? ആധുനിക രീതിയിലുള്ള എല്ലാ സജ്ജീകരണങ്ങളെയും ഇതിൽ ഉൾപ്പെടുത്താം അത് എന്തായാലും, ജീവിതത്തെ പോലും നാമിന്ന് ഹൈടെക് എന്ന പദം കൊണ്ടലങ്കരിച്ചിരിക്കയാണ്.ലോകം തന്നെ നമ്മുടെ വിരൽ തുമ്പിൽ എത്തി നില്ക്കുന്ന ഈ ആധുനിക യുഗത്തെ ഹൈടെക് എന്നല്ലാതെ വേറെ എന്തു പറയും.

ശാസ്ത്രത്തിന്റെയും നിത്യജീവിതത്തിന്റെയും എല്ലാ മേഖലകളിലും വിവരവിനിമയ സാങ്കേതിക വിദ്യവിപുലവും വിസ്മയകരവുമായ മാറ്റങ്ങൾ വരുത്തി. വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല തൊഴിൽ രംഗത്തും ഐ ടി മേഖല അതിന്റേതായ ചുവടുവെപ്പുനടത്തിക്കഴിഞ്ഞു. അതു കൊണ്ട് തന്നെ ഈ രംഗത്ത് നിന്ന് ഒഴിഞ്ഞുമാറിനില്ക്കാൻ നമുക്കാവില്ല

വിവര സാങ്കേതിക വിദ്യ വിപുലമായി പാഠ്യവിഷയങ്ങളിലേക്ക് കൂടി ഈ ചുവടുവെപ്പുകൾ നടത്തിക്കഴിഞ്ഞു.പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് ലിറ്റിൽ കൈറ്റ് ഐ.ടി ക്ലബ്ബുകൾ ആരംഭിച്ചത്.പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതമായ ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ പ്രക്രീയ രൂപപ്പെട്ടു.വിവരവിനിമയ സാങ്കേതിക വിദ്യയ്ക്ക് ഈ പ്രക്രിയയിൽ വലിയൊരു പങ്ക് വഹിക്കാനാവും.

വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ നിരന്തരമായ പ്രവർത്തന പ്രക്രിയയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഇങ്ങനെ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിവര സാങ്കേതിക വിദ്യയുടെ എല്ലാ മേഖലയെയും കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട് അതിനു വേണ്ടിയുള്ള കൂട്ടായ മയാണ് ‘ ലിറ്റിൽ കൈറ്റ് ‘



സതി ടീച്ചർ
നടുവിൽ എച്ച് എസ്
കൈറ്റ് മിസ്ട്രസ് എസ്

## രാത്രി ഭംഗി

ചന്ദ്രനുദിക്കുന്ന നേരത്ത്
നക്ഷത്രം തിളങ്ങുന്ന സമയത്ത്
ആകാശത്തിനിതെന്തൊരു ഭംഗി
ഭൂമിയിലാണേൽ എന്തു പ്രകാശം

കൂരിരുട്ടിനെ വെളിച്ചമാക്കി
നിലാവ് കടന്നുപോകുന്നു
രാത്രിതൻ തണുപ്പിൽ
ഉറങ്ങുന്ന കിളികളെപ്പോലെ

കൂരിരുട്ടിൽ തിളങ്ങുന്ന
പൂച്ചയുടെ കണ്ണുപോലെ
വിങ്ങി വിങ്ങിക്കരയുന്ന
മൂങ്ങയെപ്പോലെ


ഞാൻ മെല്ലെ മെല്ലെ
ഉറങ്ങയായി.

പ്രജുൽ.ടി.പി
ഒമ്പതാം തരം എ



പ്രജുൽ.ടി.പി
ഒമ്പതാം തരം എ





## പഴഞ്ചൊല്ലുകൾ

.മുത്തെടുക്കാൻ ചിപ്പി ഉടക്കണം
.മോഴിതെറ്റിയാൽ വഴി തെറ്റും
.സ്വന്തം കാര്യം സിന്ദാബാദ
.വെള്ളവും വാക്കും അധികമാകരുത്
.ക്ഷമ സർവ്വമത ഭൂഷണം
.ക്ഷമിക്കുന്നവനേ ക്ഷോണിയും വണങ്ങും
.സാരമറിയുന്നവൻ സർവ്വജ്ഞൻ
.സർക്കാർകാര്യം മുറപോലേ
.സത്യത്തിന് നാല് കാലുണ്ട്
.സ്വാർത്ഥമെല്ലങ്കിൽ ആർത്തിയുമില്ല
.മിടുക്കന്റെ ചരക്കിരിക്കേ വിലകൂടും
.മീനമാസത്തിലേ ഇടി മീൻ കണ്ണിലും വേട്ടും
.മിഥുനം തീർന്നാൽ വിഷമം തീർന്നു
.മരിക്കാതിരിക്കാൻ ജനിക്കാതിരിക്കണം
.പാല പൂത്താലൽ പാമ്പിനോളം



ഷാനറ്റ് കെ എസ്
പത്താംതരം എ







## ജീവശാസ്ത്രത്തിലെ നൂതന സാങ്കേതിക വിദ്യ

പ്രപഞ്ചത്തിലെ അനേക ജ്യോതിർഗോളങ്ങളിൽ നിന്ന് ഭൂമിയിലെ വ്യത്യസ്തമാക്കുന്നത് അതിലുള്ള ജീവന്റെ തുടിപ്പാണ്. പ്രാണവായുവായ ഓക്സിജനും ഹരിത സസ്യങ്ങളും കോടിക്കണക്കിന് ജീവജാലങ്ങളും നമുക്കു മാത്രം അവകാശപ്പെട്ടത്. ദശലക്ഷകണക്കണക്കിന് വർഷങ്ങൾ നീണ്ട പരിണാമത്തിലൂടെയാണ് നാം ഇന്ന് കാണുന്ന ജൈവവൈവിധ്യം ഇവിടെ രൂപം കൊണ്ടത്. പരിണാമത്തിന്റെ അവസാന ക്ണ്ണിയായ മനുഷ്യൻ ഇന്ന് കാൽവെക്കാത്ത മേഖലകളോ കണ്ടെത്താത്ത രഹസ്യങ്ങളോ വളരേ അപൂർവ്വം. ശാസ്ത്രത്തിന്റെ വളർച്ചയിൽ ജീവശാസ്ത്രത്തിന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

ജീവികളുടെ അടിസ്ഥാന നിർമാണ ഘടകമായ കോശത്തെ കണ്ടെത്തിയതു മുതൽ നാം പരീക്ഷണങ്ങളുടെ പാതയിലായിരുന്നു. കോശത്തിന്റെ കേന്ദ്രഭാഗമായ മർമ്മവും അതിലുള്ള ജനിതക വസ്തുക്കളുമാണ്
ഒരു ജീവിയുടെ തനതു സ്വഭാവത്തിനും കാരണം. ജീവജാലങ്ങളുടെ വളർച്ചയും
വികാസവും തീരുമാനിക്കുന്നത് അതിന്റെ ജനിതക വസ്തുവിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളാണ്. ഡി.എൻ.എയെ അവശ്യമായ സ്ഥലത്ത് വച്ച് മുറിക്കുകയും
അഭിലാഷണീയമായ ക്രോമസോമുകള്ളിൽ കൂട്ടിച്ചേർക്കുകയും ചെയ്യുന്ന സാങ്കതിക
വിദ്യ വികസിപ്പിച്ചത് ദാനിയേൽ നാഥൻസ്, ഹാമിൽട്ടൺ സ്മിത്ത് എന്നീ ശാസ്ത്രജ്ഞർ ചേർന്നാണ്. 1978ലെ വൈദ്യശാസ്ത്ര നോബൽ സമ്മാനം ഈ മുന്നേറ്റത്തിനായിരുന്നു. 1986ൽ മിന്നാമിനുങ്ങിന്റെ ജീൻ സന്നിവേശിപ്പിച്ച് തിളങ്ങുന്ന പുകയില സൃഷ്ടിച്ച് ഗവേഷകർ അമ്പരപ്പിച്ചു.

ജീവികളിൽ ജനിതക പരീഷ്കരണം വരുത്തി പുതിയ ഉപയോഗ



ങ്ങൾക്ക് അവയെ സജ്ജമാക്കുന്ന പ്രക്രിയയാണ് ജനിതക സങ്കേതിക വിദ്യ അഥവാ ജനിതക എഞ്ചിനീയറിംഗ്. എൻഡോന്യൂക്ലിയസ്, റെസ്ട്രിഷൻ എൻഡോ ന്യൂക്ലിയസ്, ലിഗേസ് എന്നീ രാസാഗികൾ ഉപയോഗിച്ച് അഭിലഷണീയമായ ഗുണങ്ങളുള്ള ജീനിനെ കൃത്യമായി ഒരു വെക്ടർ ജീവിയിലെ ഡി.എൻ.എയോട് കൂട്ടിച്ചേർക്കുന്നു. പുതിയ ജീൻ സന്നിവേശിപ്പിച്ച ജീവിക്ക് സ്വാഭവികമായും ആ ജീനിന്റെ ഗുണങ്ങൾ കൈവരികയും ചെയ്യുന്നു. ഇതാണ് ഈ സ്ങ്കേദിക വിദ്യയുടെ
അടിസ്ഥാതത്ത്വം.

ജനിതക എഞ്ചിനീയറിംഗ് ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നത് വിവിധ മേഖലകളിൽ ഈ വിദ്യയുടെ സ്വാധീനത്തെക്കുറിച്ചാണ്. കൃഷി, മൃഗപരിപാലനം,
വൈദ്യശാസ്ത്രം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങളാണ്
ജനിതക സാങ്കേതിക വിദ്യ വരുത്താൻ പോകുന്നത്. പാർശ്വഫലങ്ങളില്ലാത്ത പുതിയമരുന്നുകൾ, സൂക്ഷ്മജീവികളെയും സസ്യങ്ങളെയും ഉപയോഗിച്ച് നിർമ്മിക്കുകയും, ജീവകം എ. പ്രദാനം ചെയ്യുന്ന സുവർണ്ണ നെല്ല് ഗവേഷകർ വികസിപ്പിച്ചതും ഇതിലൂടെയാണ്. ഭ്രൂണവിത്തുകോശങ്ങളും ക്രിത്രിമ അവയവങ്ങളുടെയും നിർമാണം, പ്രമേഹം, അൽഷിമേഴ്സ് തുടങ്ങിയ രോഗങ്ങൾക്ക് ശാശ്വത പരിഹാരം ഇതെല്ലാം ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു. വിളകളും, മൃഗങ്ങളിലും ഈ വിദ്യ ഉപയോഗിച്ച് മനുഷ്യരാശിക്കാവശ്യമായ മരുന്നുകളും, ഹോർമോണുകളും ഇന്ന് ശാസ്ത്രലോകം വികസിപ്പിച്ചെടുക്കുന്നു.

നല്ല വശങ്ങൾ ഏറെ ഉണ്ടങ്കിലും ഈ വിദ്യ ഉപയോഗിച്ച് വികസിപ്പിച്ച വിളകൾ മനുഷ്യരിലും പരിസ്ഥിതിയിലുംഉ ണ്ടാക്കാൻസ ാധ്യതയുള്ളദ ൂഷ്യഫലങ്ങൾ പൂർണമായി പഠനവിധേയമാക്കിയട്ടില്ല. മൊസാന്റോ കമ്പനി
വികസിപ്പിച്ചെടുത്ത ബി.റ്റി. കോട്ടണും ബി.റ്റി. വഴുതനയും ഇതിനുദാഹരണമാണ്.

എന്തു തന്നെയായാലും ഡി.എൻ.എ. ടെസ്റ്റും, ജനിതകരോഗങ്ങൾക്കുള്ള ജീൻ ചികിൽസയും ജനിതക എഞ്ചിനീയറിംഗിന്റെ സംഭാവനകളാണ്.

ഏറ്റവും കൂടുതൽ വികസിച്ച മസ്തിഷ്ക്കവും വിവേചനബുദ്ധിയുമുള്ള മനുഷ്യൻ കണ്ടുപിടിക്കുന്ന ഓരോ നൂതന സാങ്കേതിക വിദ്യകളും മനുഷ്യനന്മയ്ക്കായ് മാത്രമാകട്ടെ. ശാസ്ത്രവും മനുഷ്യനും ഒരുമിച്ച് കൈകോർത്ത് ഒരു നവയുഗം പുലരട്ടെ.

ഷീബ പി.വി.
എച്ച്.എസ്.റ്റി. നാച്ചുറൽ സയൻസ്
നടുവിൽ ഹൈസ്കൂൾ

# أسرة سعيدة

تعيش أسرة حمزة قريه قريبة من العاصمة، تتكوّن أسرته من سبعة أفراد، هم حمزة وزوجته وولدها سلمان ونعمان وبنت راشدة وصالحة وماجدة. يملك حمزة مزرعة كبيرة يزرع فيها الأرز وأشجار النّارجيل والتبيوكة وبعض الخضروات

سلمى هي ربّة البيت أمور بيتها بمهارة، وسلمان هو النّجل الأكبر يساعد والده في الزّراعة، أمّا نعمان فهو طالب للسّنة الأولى في كلّيّة الآداب والعلوم.

وفي أيّام العطلة يشارك نعمان أخاه سلمان في مساعدة والدهما، فيعملون في حقول الأرزّ يحرثون الأرض ويبذرون البذور ويصرفون المياه، ثمّ يحصدو نه في موسم الحصاد، أمّا النّارجيل فيتسلّق سلمان على شجرته ويقطف النّارجيل في كل شهرين.

يذهب حمزة مع سلمان إلى سوق العاصمة ليبيع المحصولات الزّراعيّة، فيكسب المال ويشتري لوازم البيت.

- Haneen Haneefa. -





മുഹമ്മദ് ഹനീൻ ഹനീഫ
പത്താംതരം സി

# ലിറ്റിൽ കിക്ക്



അനുസ്മയ സി വി
എട്ടാം തരം എ



## OH,DEAR

Oh' dear, what can the matter be
Oh' dear, what can the matter be
Oh' dear, what can the matter be
Jhony so long at the fair
He brought me a bunch of blue ribbons
He brought me a bunch of blue ribbons
He brought me a bunch of blue ribbons
to tie up my bonly  brown hair
Oh' dear, what can  the matter be
Oh' dear, what can  the matter be
Dear,dear, what can the matter be
jhosny so long at the fair
He brought me a bunch of prim roses
He brought me a bunch  of prim roses
He brought me a bunch of prim roses
To put in a vase in my room
Oh' dear,what can the matter be
Oh'dear, what can the matter be
Oh; dear what can the matter be
jhony so long at the fair

BY,
ROSEMARY THOMAS



Little KITEs

## COLOUR KITES

Red kites , Blue kites , flying by yellow kites , green kites , railing in the sky they fly high and key fly low flying , whirling ,round they go red kites , blue kites , flying by yellow kites , green kites sailing in the sky .

അസ് ലഹ
പത്താംതരം സി







# മലയാളി മറക്കുന്ന മലയാളം



സി.സി.സതി ടീച്ചർ
എച്ച്.എസ്.ടി
മലയാളം

ഇന്ന് മലയാളികളില്ലാത്ത ഒരേ ഒരു നാട് കേരളമാണ് എന്ന് ആരോ പറഞ്ഞതോർക്കുന്നു.
ഒരു നുള്ളു കുങ്കുമവും മുടിത്തുമ്പിലൊരു തുളസിക്കതിരും
നാലുകെട്ടും നടുമുറ്റവും പഴങ്കഥപോലെ കേട്ടുമറക്കേണ്ടി വരുന്ന തളർന്ന സായന്തനങ്ങളിൽ ഗൃഹാതുരത്വത്തോടെയല്ലാതെ മലയാളത്തെക്കുറിച്ച് ഞാൻ എന്തുപറയാൻ !

'ബാഗി ജീൻസും ഷൂസുമണിഞ്ഞ് സ്മാർട്ട് ഫോണുമായി ടൗണിൽ ചെത്തിനടക്കുമ്പോൾ മുണ്ടും നേര്യതും സാംസ്ക്കാരിക ഘോഷയാത്രയിലെ ഒഴിവാക്കാനാകാത്ത 'പ്ലോട്ടുകൾ' മാത്രം. നയനാഭിരാമമായ നവീന വസ്ത്രധാരണത്തെക്കുറിച്ച് കുറ്റം പറയാൻ നമുക്ക് അവകാശമില്ലാത്തതു പോലെ, പുളിയിലക്കരമുണ്ടിൽ തെളിയുന്ന, അവശേഷിക്കുന്ന ഈ മലയാളത്തനിമയെ വെറുമൊരു പ്രദർശന വസ്തുമാത്രമാകുന്ന പ്രഹസനങ്ങൾ തുടരാനും നമുക്കവകാശമില്ല.
ഇന്ന് 'മണിപ്രവാള' മെന്നും 'മംഗ്ലീഷ്' എന്നുമൊക്കെയുള്ള ഇരട്ടപ്പേരുകൾ മലയാളം സഹർഷം നെഞ്ചിലേറ്റുന്നു. ഇംഗ്ലീഷും മലയാളവും മുത്തും പവിഴവും
പോലെ കോർത്തിണക്കി മലയാളഭാഷയ്ക് പുതിയ മാനങ്ങൾ കണ്ടെത്തുന്ന മലയാളിയെ നാമെന്തുപേരിട്ടുവിളിക്കും ?

മലയാള ഭാഷയിൽ മേൽവിലാസം പറ്റുമെങ്കിൽ എഴുതാതിരിക്കുക എന്നത് മലയാളിയുടെ 'പ്രസ്റ്റീജി'ന്റെ പ്രശ്നമായിരിക്കുന്നു. വടിവൊത്ത മലയാള ഭാഷ കൺകുളിർക്കെ കണ്ടിട്ട് കാലം കഴിഞ്ഞാൽ മതിയെന്ന് ഇന്നൊരു മുത്തശ്ശിയും പറയുന്നില്ല.

ഇന്ദുലേഖയെന്നും,മാധവനെന്നുമൊക്കെയുള്ള പഴയ പേരുകളെ ഹാജർ പുസ്തകത്തിന്റെ ദീർഘചതുര കോളങ്ങളിലെങ്ങും കാണ്മാനില്ല. ഇവിടെ ഈ തിരക്കാർന്ന,നനുത്ത പ്രഭാതത്തിൽ അപരനു 'സുപ്രഭാതം' നേരാൻ നമ്മുടെ നാവു വഴങ്ങില്ല.

നാളികേരത്തിന്റെ നാട്ടിലെ നാഴിമണ്ണിനെക്കുറിച്ചും ......
മാദംഗഭംഗിയായ് വിടരുന്ന മലയാള ഭാഷയെക്കുറിച്ചും ......
പാടാനൊരു പാട്ടുണ്ട് പക്ഷെ ഈ രോദനം രോദനമായിത്തന്നെ നിലകൊള്ളും.

സി.സി.സതി ടീച്ചർ
എച്ച്.എസ്.ടി മലയാളം



# BUTTERFLY

Once lived a catarpillar and a butter fly. Every day the butter fly fly awayin search of honey.
The butterfly called caterpillar company the butterfly. But didn't. By evening butterfly come back and called caterpillar He come happily to drink the honey. But his mother asked before drink honey. He said that it cant. But when it understood that it will not get honey. The caterpillar think he said to mother "after we go to drink honey i will take a leaf to you" when they go to drink honey ......

BY;
Sneha M.B
X - A












## സ്വതന്ത്ര്യം എന്റ ജന്മാവകാശമാണ്

"സ്വതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ്. നമുക്കത് വേണം. അത് കൊതിക്കുന്ന ആത്മാവ് എന്നിൽ സചേതനമായിരിക്കെ എനിക്കു വാർധക്യം ഏശില്ല. അത് അമരമാണ്. കാറ്റിന് അതിനെ പറത്തിക്കളയാനാവില്ല,ആയുധങ്ങൾക്ക് മുറിക്കാനാകില്ല,അടിക്കു ചാരമാക്കാനാവില്ല.
ബാലഗംഗാധരതിലക്
(1917 ൽ ചെയ്ത ഒരു പ്രസംഗത്തിൽ നിന്ന്)

## സംഭാഷണം

അചഛനുമമ്മയും പു!!!റത്തും തത്തക്കുഞ്ഞ് കൂട്ടിലും.
ഇവർ തമ്മിലുള്ള സംഭാഷണം.

അമ്മ : കുഞ്ഞേ,നീ എങ്ങനെ ഈ കൂട്ടിലായി ?
കുഞ്ഞ് : തെങ്ങുകയറ്റക്കാരൻ എന്നെപ്പിടിച്ച് ഈ വീട്ടിലെ കുട്ടിക്ക് കൊടുത്തു.അവനാണ് എന്നെ ഈ കൂട്ടിലടച്ചത്.
അചഛൻ : നിനക്ക് വിശക്കുന്നില്ലേ ? അവർ എന്തെങ്കിലും തന്നോ ?
കു!!!ഞ്ഞ് : അമ്മേ,എന്നെ എങ്ങനെയെങ്കിലും പുറത്തിറക്കാമോ.എനിക്ക് ഇതിനകത്ത് ഇരിക്കാൻ പേടിയാകുന്നു.അമ്മ എങ്ങും പോകല്ലേ.
അചഛൻ : കൂട് പൂട്ടിയിരിക്കുകയാ.കു!ഞ്ഞ് പേടിക്കാതെ. ആരും ഇല്ലാത്ത സമയം നോക്കി വന്ന് രക്ഷപ്പെടുത്താം.
കുഞ്ഞ് : അചഛൻ എങ്ങും പോകല്ലേ. ഇവിടെത്തന്നെ ഉണ്ടാവണേ.



അനുസ്മയ സി വി
എട്ടാം തരം എ



## COLLOQUG

Swapna : Hi diana  I haven't seen you for ages
How have you been?
Diana : Pretty good thanks
Swapna : Are you still in collage?
Diana : No not any more I graduated last year
And I got a job at the punjab bank
Swapna :That's great news. you know, you look different. Have you changed your hair tsyle
Diana :yes it's shorter. Oh, and I have lost weight
Swapna :well, you look fantastic!
Diana :Thanks so do you. And there's one more thing. I got engaged
Swapna :congratulation. Where does he work?
Diana :In Autsralia.
Swapna :do you plan to go with him after the marriage?
Diana :after a year, perhaps

By
Anjana N.T
X - A






Pra

## 10th to 99th, any table very esay method to learn .

How to write table of any two digit number?
For example 87
First write down the table of 8 then write down table of 7 beside it,

| | | | |
|---|---|---|---|
| 8 | 7 | | 87 |
| 16 | 14 | (16+1) | 174 |
| 24 | 21 | (24+2) | 261 |
| 32 | 28 | (32+2) | 348 |
| 40 | 35 | (40+3) | 435 |
| 48 | 42 | (48+4) | 522 |
| 56 | 49 | (56+4) | 609 |
| 64 | 56 | (64+5) | 696 |
| 72 | 63 | (72+6) | 783 |
| 80 | 70 | (80+7) | 870 |

Now table of 38

| | | | |
|---|---|---|---|
| 3 | 8 | | 38 |
| 6 | 16 | (6+1) | 76 |
| 9 | 24 | (9+2) | 114 |
| 12 | 32 | (12+3) | 152 |
| 15 | 40 | (15+4) | 190 |
| 18 | 48 | (18+4) | 228 |
| 21 | 56 | (21+5) | 266 |
| 24 | 64 | (24+6) | 304 |
| 27 | 72 | (27+7) | 342 |
| 30 | 80 | (30+8) | 380 |
| 33 | 88 | (33+8) | 418 |
| 36 | 96 | (36+9) | 456 |


This way one can make Tables from 10 to 99

This is Vedic mathematics!!..



ജെസ്സി ടീച്ചർ
നടുവിൽ എച്ച് എസ് എസ്





# അവൾ

അവൾ ചക്രവാളങ്ങൾക്ക്
പൂക്കൾ തുന്നിയപ്പോൾ
അതിലൊരു പൂവ്
എന്റെ ഹൃദയമായിരുന്നു...
അവൾ പക്ഷികൾക്ക്
ഹൃദയ വേരുകളിൽ
കൂടൊരുക്കിയപ്പോൾ
അതിന്റെ തണലിന്റെ മനമായിരുന്നു...
അവളുടെ മിടിപ്പുകളിൽ
കടലോളം മിഴിനീരുണ്ട്
അവൾ ഊതിക്കാച്ചിയ
അക്ഷര സ്പന്ദനങ്ങളിൽ
അവൾ നീന്തിക്കയറിയ
ആകാശങ്ങളിൽ
അലിഞ്ഞു ചേർന്ന ഉപ്പോളങ്ങളിൽ
അടക്കം ചെയ്ത മഴ മേഘങ്ങളിൽ
എന്നും ഞാനും ഉണ്ടായിരുന്നു...
അടർന്നിട്ടും അടരാതെ
അവളുടെ ഹൃദയത്തിലെ
മൻചാടി മണികൾക്കൊപ്പം...

ആൽബിൻ ജോർജ്
എച്ച്. എസ്. ടി. മലയാളം
നടുവിൽ ഹൈസ്കൂൾ





## മനുഷ്യന്റെ മതം മനുഷ്യത്വം

"ഒരേ അകാശം,ഒരേ സൂര്യൻ,
ഒരേ ഭൂമി
ഈ ഭൂമിയിലധിവസിക്കുന്ന
മനുഷ്യർക്ക്
ഒരേ രക്തം,
നെഞ്ചിടിപ്പിന് ഒരേ താളം"
ജാതിക്കും മതത്തിനും വേർതിരി
വുകൾക്കുമപ്പുറം
മനുഷ്യന് ഒരേയൊരു മതം "
മനുഷ്യത്വം"

നിവേദ്യ.കെ.വി
പത്താംതരം എ



Sreeshma
VIII-A

## SAVE THE GREEN EARTH

God created this whole wonderful world. He made it beautiful happy and green. There were large green fields with grass and colourful flowers. Then God made birds and animals to live in the meadows and the fields, the woods and the forests. After that god created man to take care of his beautiful creations he made man as the most intelligent and best of all his creations. But then,god had some doubt in his mind. He wondered if man would really take good care of his creations. So he warned man, "you must keep earth as green and as beautiful as I have created it. Do not commit any sin when you go to earth or as a punishment the earth will lose its beatuy ant will turn its vast desert".Soon man forgot god's warning. He started stealing lying ant committing after sins. So earth turned into a vast desert .But when man realized his mistake god forgot him. That is why there is still some greenery left on earth.



# സുഹൃത്തുക്കൾ

കിങ്ങിണിക്കാട്ടിൽ ഒരു കുരങ്ങച്ചൻ താമസിച്ചരിന്നു. അവന്റെ പേരാണ് കുട്ടൻ. അവന് കൂട്ടുകാർ ആരും ഇല്ല. കാരണം, അവന് സംസാരിക്കാൻ പേടിയായിരുന്നു. ആ കാട്ടിൽ ഒരു ആനയുണ്ടായിരുന്നു. അവന്റെ പേരാണ് ടുട്ടു. കുട്ടന് ടുട്ടുവുമായി കൂട്ട് കൂടാൻ ആഗ്രഹമുണ്ടായിരുന്നു.

ഒരു ദിവസം ടിട്ടു നടന്നു വരുന്നത് കുട്ടൻ കണ്ടു
അവൻ പേടിച്ച് പേടിച്ച് ടുട്ടു എന്ന ആനയോട് ചോദിച്ചു ‘നീ എന്റെ കൂടെ കൂട്ടുകുടാമോ?‘അപ്പോൾ ടുട്ടു പറഞ്ഞു ‘ങും! കണ്ട പേടിത്തൊണ്ടൻമ്മാരുടെ കൂടെ ഞാൻ കൂട്ട്കൂടില്ല!?‘ ഇത് കേട്ടതും കുട്ടൻ വിഷമിച്ച് മടങ്ങി പോയി. അങ്ങനെയിരിക്കെ ഒരു ദിവസം ടുട്ടു ആന ഒരു കുഴിയിൽ വീണു. അവൾ അവിടെ കിടന്ന് അലറി വിളിച്ചു. അത് കുട്ടൻ കേട്ടു. അവൻ ഈ കാര്യം ടുട്ടുവിന്റെ അച്ഛനോടും അമ്മയോടും പറഞ്ഞു. അവർ ഒടിവന്ന് ടുട്ടുവിനെ രക്ഷിക്കുകയും ചെയ്തു. അന്നു മുതൽ കുട്ടനും ടുട്ടുവും കൂട്ടുകാരായി. ടുട്ടു എപ്പോഴും കുട്ടനെ അവളുടെ പുറത്തുകയറ്റികൊണ്ട് നടന്നു.



അനിറ്റമോൾ അബ്രഹാം
പത്താംതരം എ



# വെള്ളിലക്കിങ്ങിണി താഴ്വരയിൽ

(കഥ)

പ്രകൃതിരമണീയമായ സ്ഥലമാണ് വെള്ളല ക്കിങ്ങിണി താഴ്വര. നാനാതരം വൃക്ഷലതാദികൾ പൂത്തുലഞ്ഞുനിൽക്കുന്ന മല. മലഞ്ചെരിവിലൂടെ വ ള!ഞ്ഞുപുളഞ്ഞു ഒഴുകുന്ന കുഞ്ഞരുവി. താഴ്വാ രം നിറയെ വെള്ളിലക്കാട് പടർന്നു പന്തലിച്ചുകിട ക്കുന്നു. അധികം ജനസഞ്ചാരമില്ലാത്ത ഇടമായതി നാൽ മൃഗങ്ങൾക്ക് യഥേഷ്ടം അവിടെ മേഞ്ഞു നട ക്കാം. ആടും മാനും കുറുക്കനും കുറുനരിയുമെ ല്ലാം അവിടെ ഒരു കേളീരംഗമായിരുന്നു. ഒരു ദിവ സം അടിവാരത്തിലെ പുൽത്തലപ്പുകൾ കടിച്ചു തി ന്നുകൊണ്ട് ഒരു ചെമ്മരിയാട്ടിൻകുട്ടി അതുവഴി വ ന്നു. പലതും കടിച്ചു മുറിച്ച് അകത്താക്കിയിട്ട് അവ ന് വല്ലാതെ ദാഹിക്കുന്നുണ്ടായിരുന്നു. അരുവിയിലൂ ടോഴുകുന്ന കണ്ണീരു പോലെ തെളിഞ്ഞ പളുങ്കുവെ ള്ളം കുടിക്കുവാനാരംഭിച്ചു.

ഹലോ......

അപ്പോഴാണ് മുകളിൽ കുന്നുംപുറത്ത് നിന്ന് പരുഷ മായ ആ ശബ്ദമുയരുന്നു. വെള്ളംകുടി നിർത്തിയിട്ട് ആട്ടിൻ കുട്ടി മുകളിലേക്ക് നോക്കി അവിടെ ഒരു ചെന്നായ കലിപൂണ്ട് നിൽക്കുന്നു. എന്താടാ ദ്രോ ഹീ എന്താ നീ കാണിക്കുന്നത് ? ചെന്നായ ചോദി ക്കുകയാണ്. ഇത്രയ്ക്ക് ധൈര്യമായോ നിനക്ക് ? ഞാൻ കുടിക്കുന്ന വെള്ളം നീ കലക്കുകയാണോ ആല്ലേ ? അയ്യോ, ആട്ടിൻ കുട്ടി പറഞ്ഞു ഞാൻ ദാ ഹം തീർക്കാൻ ഇത്തിരി വെള്ളം കുടിക്കുകയാണ്. ഈ വെള്ളം കലക്കേണ്ട ആവിശ്യം എനിക്കില്ല അ ഥവാ ഇവിടെ നിന്ന് ഞാൻ വെള്ളം കലക്കിയാലും അത് താഴോട്ടാണല്ലോ ഒഴുകുന്നത്. മുകളിലേക്ക് ഈ കഥങ്ങൽ വരികയില്ലല്ലോ? ഓ രോന്ന് പറഞ്ഞ് എന്നെ കുറ്റപ്പെടു ത്തല്ലെ? മതിയെടാ അധിക പ്രസം ഗി' ചെന്നായ ശുണ്ഠിയെടുത്തു ഇ ങ്ങനെയൊക്കെ പറയാൻ നിനക്ക് ആരാടാ പറഞ്ഞുതന്നത് ആരോടാ ണ് സംസാരിക്കുന്നത് എന്ന് നീ ആലോചിക്കുന്നുണ്ടോ വെള്ളം ക ലക്കുകയല്ലത്റെ അവൻ! ഞാൻ പ റഞ്ഞത് സത്യമാണ് നിന്നെ ഞാൻ ... ങ് ഹാ ...! ഒന്നും ചെയ്യല്ലേ ഞാ നൊരു തെറ്റും ചെയ്തിട്ടില്ല. ഞാ നൊരു പാവം ആട്ടിൻ കുട്ടിയാണേ ഓ പാവം! വെള്ളം കലക്കിയില്ലാ പോലും.നി കലക്കിയില്ലെങ്കിൽ പി ന്നെയാരെടാ കലക്കിയത്. ഏതാ യാലും നിന്നെ ഞാൻ വെറുതെ വി ടാനോന്നും പോകുന്നില്ല. ഇത്തിരി യേ ഉള്ളുവെങ്കിലും നല്ല കിളിന്തു മാംസമായിരിക്കും നിന്റേത്.' അങ്ങ നെ ആക്രോശിച്ചുകൊണ്ട് കൊതി മൂത്ത ചെന്നായ ആ ചെമ്മരിയാ ട്ടിൻ കുട്ടിയുടെ നേരേ ചാടിവീണു. രക്ഷപ്പെടാൻ പടിച്ചതെല്ലാം പയറ്റി യിട്ടും അതിനായില്ല.

ആദുഷ്ടനായ ആദ്യം ആട്ടിൻ കുട്ടി യുടെ കഴുത്താണ് കടിച്ചുമുറിച്ചത് ആ ആട്ടിൻ കുട്ടി പിടഞ്ഞു ചത്തു.







## കേരളഗാനം


ജയജയ കോമള  കേരളധരണി
ജയജയ മാമക പൂജിത ജനനീ
മലയജസുരദില മാരുതനേൽക്കും
മലയാളം ഹാ മാമകരാജ്യം
കൽപകതരുനികരങ്ങൾ നിരക്കും
കൽപിതദൂവാണെന്നുടെ രാജ്യം
കളകളമോന്തിയിണെങ്ങിവരുന്നൊരു
സലിലസമൃതം മാമകരാജ്യം
തുഞ്ചശുകീകളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം
(കേരളഗാനം)

ബോധേശ്വൻ

## Why.???

If swimming is a good exercise to stay fit, then WHY whales are fat?
WHY everyone wants to go to heaven but nobody wants to die?
Shall I say that there is a racial discrimination in cheese as white piece is moved first?
In our country, we have freedom to speech,
then WHY telephone bills?
If money doesn't grow on trees, then WHY do banks have branches?
WHY doesn't glue stick to its bottle?
WHY do you still tell it a building when it's already built?
If you aren't supposed to drink and drive, then WHY do bars have parking areas?
We are funny people living in a seriously funny world!!

Vazudev Jayachandran
8A





റുഫൈദ് എം സി
പത്താംതരം സി



## ആസിഫ

ആരെടുത്തു ആ കുഞ്ഞിന്റെ ജീവൻ
ആരറിഞ്ഞു ആ പിഞ്ചിന്റെ തേങ്ങൽ
കീറി വലിച്ച് കളഞ്ഞവർ
എവിടെയോ
ജീവിതം മടുത്ത ആ കുഞ്ഞിന്റെ രക്ഷി
താക്കൾക്ക് നീതി എവിടെ ?

പുണ്യസ്ഥലമാം ദേവാലയത്തിൽ
പീഡനം കൊണ്ടലങ്കരിച്ചവർ
ആരും വണങ്ങും ആ കോവിലിൻ
കാർക്കിച്ച് തുപ്പാൻ കൊതിച്ചവർ വേറെ
ഇനി ഈ മണ്ണിൽ ഒരു ജീവിതം മാത്രം.....
പ്രതികാരം എന്ന അലർച്ചകൾ മാത്രം....
ഇനിയും തുടരുമോ ഈ വ്യവസ്ഥ
പാടില്ല ഒരിക്കലും അനീതി ഈ മണ്ണിൽ

റുഫൈദ് എം സി
പത്താംതരം സി



# العمل الصالح

كان عثمان وسلمان صديقين حميمين، ذات يوم كانا يرجعان من المدرسة على الدرّاجة النارية، فاتّفق أن شاهدا شيخا فقيرا أعمى يحاول أن يقطع الشّارع من رصيف إلى رصيف، وكان الشّارع مزدحما جدّا بالسّيّارات المسرعة، وهذا الشيخ الفقير لا يرى إشارات المرور، فلم يقدر على قطع الشّارع. وأشفق الصديقان عليه، وخافا أن تدهسه سيّارة، فأسرعا إليه يأخذان بيده برفق، وأوصلاه إلى الرّصيف الآخر فشكرهما الشيخ ودعا لهما بنجاح، وكانت مديرة المدرسة ترى هذا المنظر، وفي الغد جائت المديرة ونادت الصديقين وقدّمت لهما هديّة طريفة، وقالت: لقد رأيت ما فعلتما أمس بالعجوز الأعمى، وهذه الهديّة مكافأة لكما على فعلكما




മുഹമ്മദ് ഇജ്‌ലാൽ
പത്താംതരം സി





അമല അഗസ്റ്റിൻ
എട്ടാംതരം എ



അനുസ് മയ സി വി
എട്ടാംതരം എ



## കോടതി

കയറാൻ മടിക്കുന്ന മന്ദിരത്തിൽ
കയറാൻ കൊതിക്കുന്ന ആളുകൾ
കോട്ടിന്റെ നിറ മതിൽ വിരിയുന്ന പുഞ്ചിരി
കണ്ട് കേസുള്ളവർ പുഞ്ചിരിച്ചു
കാശിന്റെ ഗന്ധമാൽ വിരിയുന്ന കീശകൾ
കണ്ടവർ ജീവിതംകൊണ്ട് അലഞ്ഞു
ഇനിയുള്ള ജീവിതം ഈ കോടതി മണ്ണിൽ
എണ്ണിത്തീർക്കുന്ന ആളുകൾ വേറെ
മടിയില്ല മടുപ്പില്ല കിടന്നവർക്കാർക്കും
കൊതിയാണ് കയറുവാൻ വീണ്ടും കോട
തിയിൽ
കയറാൻ വഴിയൊരു
ക്കും ആളുകൾ വേറെ



റംഷാദ് പടപ്പേങ്ങാട്
പത്താംതരം സി




Anitta Thangachan - XA




# കേരളം



മെൽബി ബിജു
പത്താംതരം എ

## കേരളം അടിസ്ഥാനവിവരങ്ങൾ

1956 നവംബർ 1 ന് ഐക്യകേരളം രൂപീകരിക്കുമ്പോൾ സംസ്ഥാനത്ത് അഞ്ച് ജില്ലകൾ മാത്രമേ ഉണ്ടായിരുന്നുള്ളു.
കേരളത്തിന്റെ വടക്കേയറ്റം മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയായിരുന്നു. 1949 ജൂലൈ 1ന് തിരുകൊച്ചി സംയോജനദിവസം തിരുവിതാംകൂറിലെ 3 റവന്യൂ ഡിവിഷനുകൾക്കും ജില്ല എന്ന പേര് നൽകി. ദിവാൻ പേഷ്ക്കർ മാരുടെ സ്ഥാനത്ത് ജില്ലാ കലക്ടർമാരെ നിയോഗിച്ചു. അന്നുതന്നെ കൊച്ചി രാജ്യത്തെ താലൂക്കുകൾ ചേർത്ത് തൃശ്ശൂർ ജില്ല രൂപീകരിച്ചു. ഈ നാലു ജില്ലകളും മലബാർ ജില്ലയുമാണ് കേരളസംസ്ഥാന രൂപീകരണ സമയത്ത് നിലവിലുണ്ടായിരു

1957 ജനുവരി 1ന് മലബാറിനെ കണ്ണൂർ,കോഴിക്കോട്, പാലക്കാട് എന്നിങ്ങനെ മൂന്ന് ജില്ലകളായി പകുത്തു. 1958ൽ എറണാകുളവും, 1969ൽ മലപ്പുറവും, 1972ൽ ഇടുക്കി എന്നീ ജില്ലകളും സ്ഥാപിതമായി. 1980നും 1984നും ഇടയ്ക്കാണ് യഥാക്രമം വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകൾ രൂപീകരിക്കപ്പെട്ടത്.

മെൽബി ബിജു






# THE HEN THAT LAYS THE GOLDEN EGGS

A farmer had a hen that laid a golden egg every day. Selling these golden eggs.
The farmer and his family became very rich.
The farmer's wife was very greedy. She has not happy with one egg a day.
She wanted to kill the hen and take all the eggs at a time . The farmer did not agree to kill the hen.
The greedy wife was impatient and cut open the stomach of the hen.
There was on egg inside the hen.
The foolish lady killed the golden hen and gained
nothing

By
Anjana PP
VIII-A





അനുസ്മയ സി വി
എട്ടാം തരം എ



## MY HEART THROBS FOR YOU....

I love you
I miss you
I respect you
Count on me
I understand you
I will be there for you

They prayed for courage
Imagined it to be a weapon
With which all evil can be defeated
But that was only a mental state

They searched for love
Imagined it could be thought
With which they they could gain  happiness
But that was only a mental state

They craved to manipulte God happiness
But imagined a superb existence in this world
With which their desires could be attained
But he is the being with in

Many come to you for favours from you
I love you good not for those
But you have me a heat
That throbs for you

Adhith - XA

## സ്നേഹത്തെക്കുറിച്ചുള്ള ചൊല്ലുകൾ

ഇണങ്ങിയാൽ പിണങ്ങരുത്
(സ്നേഹിച്ചവരെ വേദനിപ്പിക്കരുത്)
അരിശമുള്ളവനേ പിരിശമുള്ളൂ
(ദ്വേഷമുള്ളവനേ സ്നേഹമുള്ളൂ)
അമ്മയുടെ സ്നേഹം അളവില്ലാത്തതാണ്
(മാതൃസ്നേഹമാകുന്ന ധനത്തിന് അളവില്ല)
സ്നേഹം ഭാരമറിയില്ല
(ബാധ്യതയില്ലാത്തതാണ്  യഥാർത്ഥ അളവില്ല)
രാഗമുള്ളിടത്തേ ദ്വേഷമുള്ളൂ
(സ്നേഹമാണ് കോപത്തിന് കാരണം)



## വെളിച്ചത്തിലേക്ക് വഴി തുറന്നവർ

നടപ്പാതകൾക്ക് പോലും ജാതി ഉണ്ടായിരുന്ന കാലഘട്ടം കേരളത്തിലുണ്ടായിരുന്നു. ദളിതമർക്ക് സവർണരുടെ വഴികൾ തടയപ്പെട്ടിരുന്ന കാലം. അന്ന് ക്ഷേത്രങ്ങൾ പോലും അവർണർക്ക് തുറന്നു കൊടുത്തിരുന്നില്ല. വിദ്യാഭ്യാസം ഉയർന്ന ജാതിക്കാർക്കു മാത്രം കീഴ്ജാതിക്കാൻ അക്ഷരം പടിച്ചാൽ അവന്റെ നാവിൽ ഈഴം ഉരുക്കി ഒഴി ക്കണമെന്നു പറഞ്ഞിരുന്ന കാലഘട്ടം. കേരളീയസമൂഹത്തെ 'ഭ്രാന്താലയം' എന്ന് സ്വാമി വിവേകാനന്ദൻ വിളിച്ചതും അതുകൊണ്ടാണ്. അനാചാരങ്ങളുടെ ഇരുട്ടിലാണ്ടുകിടന്ന കേരളത്തെ ഇന്നത്തെ പുരോഗതിയിലേക്ക് നയിച്ച വ്യക്തികളെക്കുറിച്ച് ഓരോരുത്തരും അറിയണം.



ഫാത്തിമത്തുൽ സഹ്‌ല കെ പി
പത്താംതരം എ

# മൈന



ആഷ് ലി ഫ്രാൻസിസ്
പത്താംതരം എ

മൈനയെന്നോമന മൈന നല്ല
മൈലാഞ്ചിക്കാട്ടിലെ മൈന,
മൈക്കണ്ണു മിന്നുന്ന മൈനനീല
മൈലാടുംകുന്നിലെ മൈന !

മലവാരം വിട്ടു നീ വായോപാടാൻ
മലയാളം പാട്ടൊന്നു തായോ.
മൈനയ്ക്കു വേണ്ടതെന്തായോതിന്നാൻ
മൈസൂരിലെപ്പൂവൻ കായോ ?


ദാഹത്തിനു നറും തേനോഅന്തി
താമസിക്കാൻ വനംതാനോ ?
പാടുവാനോടക്കുഴലോഒപ്പം
പാരിന്റെ രാഗക്കുയിലോ ?

പാടിപ്പറക്കാൻ വനിയോകൊത്താൻ
പാകമായുള്ള കനിയോ ?
കൊ!ഞ്ചിപ്പറയാൻ പദമോ ?വേണ്ടൂ
നെഞ്ചലിയിക്കുംവിദമോ ?



ആഷ് ലി ഫ്രാൻസിസ്
പത്താംതരം എ









## THE LAST DOLL



I once had a sweet little doll , dears
The prettiest doll in the world
Here cheeks were so red and so white, dears
And her hair was so charmingly curled
But I lost my poor little doll dears
As I played in the health one day
And I cried for her more than a week dears

But I never could find where she lay
I found my poor little doll dears
As I played in the heath one day
Folks say she is terriby changed ,dears
For her paint is all washed away
and her arm trodden off by the cows , dears
And her hair not the least bit curled
Yet for old sakes sake she is still dears
The prettiest doll in the world

## THE RACE FOR THE BIRTH

*This is the story of my birth*
*I fought with million*
*Millions of my unborn brothers and sister*
*I fought for life before my birth*

*My birth was a battle*
*anyone could have received life*
*Instead of me*

*The sperms from my father*
*Fought to reach my mother's egg*
*I was conceived*

*When I raced with many of my*
*Unborn brothers and sisters*
*I am the winner*

*In my life I don't have to struggle*
*As much as I have struggled for life*
*I am great and I belive In me*
*I can run and win the race*
*With anyone in the race*
*As I have won the race for birth*



# ലിറ്റിൽ കിക്ക്

















# ലിറ്റിൽ ക്ലിക്ക്


little KITEs














ബിനിഷ്മ ബിജു
എട്ടാംതരം എ




അർച്ചന സജീവൻ
എട്ടാംതരം എ




പ്രജുൽ ടി പി
ഒമ്പതാംതരം എ




സാനിയ മരിയ
എട്ടാംതരം എ

# നന്ദി

ഷഡ് ഡൗൺ ചെയ്യുന്നതിന് മുമ്പ് ഈ ഡോക്യുമെൻറും ക്ലോസ് ചെയ്യുന്നു. കഴിഞ്ഞ വിൻഡോകളിൽ കഥയായും കവിതയായും കുറിപ്പായും പലതും നിങ്ങൾ വായിച്ചിട്ടുണ്ടാവുമല്ലോ. ഞങ്ങളുടെ കുഞ്ഞു ഹാർഡ് ഡിസ്കിൽ നിന്നും കോപ്പി ചെയ്ത അൽപം ടെക്സ്റ്റുകളാണവ. ഉപകാരപ്രദമെങ്കിൽ ദയവായി സേവ് ചെയ്യുക. അല്ലാത്തവ എഡിറ്റ് ചെയ്യുമല്ലോ?

പ്രതീക്ഷകളുടെ അനന്തമായ ആകാശത്ത് ഈ കുഞ്ഞു പട്ടവും ഇനിയും ഒത്തിരി സീമകൾ കീഴടക്കട്ടെ!

ഷട്ടിംഗ് ഡൗൺ....





ബി ശിഹാബുദ്ദീൻ
കൈറ്റ് മാസ്റ്റർ
നടുവിൽ ഹയർ സെക്കന്ററി സ്കൂൾ

www.naduvilhss.wordpress.com



# ലിറ്റിൽ ക്ലിക്ക്

2019

## നടുവിൽ ഹയർ സെക്കന്ററി സ്കൂൾ

നടുവിൽ പി ഒ - 670582, ഫോൺ-04602250330, കണ്ണൂർ

### ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

13052/2018